**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1928** **13.06.2019-ൽ മറുപടിക്ക്**

**കൊരട്ടി ഇൻഫോപാർക്ക്**

**ചോദ്യം** **മറുപടി**

**ശ്രീ.ബി.ഡി. ദേവസ്സി** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കൊരട്ടി ഇൻഫോപാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പുതിയ കമ്പനികൾ കൂടുതലായി ഇനിയും ഇവിടെ പ്രവർത്തനം ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | നാഷണൽ ഹൈവേ, എയർപോർട്ട്, റെയിൽവേ സൗകര്യങ്ങളും ജല ലഭ്യതയടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുള്ള കൊരട്ടി ഇൻഫോപാർക്കിൽ പുതിയ ഐ.ടി. കമ്പനികളും അനുബന്ധ കമ്പനികളും പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ബി) | കൊരട്ടി ഇൻഫോപാർക്കിൽ രണ്ടാം ഘട്ടം എന്ന നിലയിൽ 3.3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ അത്യാധുനിക ഐ ടി മന്ദിരം 2016 ജനുവരി മാസം ഐ ടി കമ്പനികൾക്കായി തുറന്നു നൽകി. ഇത് വരെ ടി ബിൽഡിങ്ങിൽ 16 കമ്പനികളിലായി 420 പരം ജീവനക്കാർ ജോലി ചെയ്തു വരുന്നു.കൊച്ചിയുടെ ഉപ നഗരം എന്ന നിലയിൽ ചെറുകിട കമ്പനികളാണ് ഈ പാർക്കിൽ കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു വരുന്നത്. ഇത്തരം കമ്പനികൾ വലിയ മുതൽ മുടക്കില്ലാതെ സർക്കാർ ഒരുക്കുന്ന പ്ലഗ് ആൻഡ് പ്ലേ |

| | | | |
|---|---|---|---|
| | | | സൗകര്യം ഉപയോഗിക്കാനാണ് താൽപ്പര്യപ്പെടുന്നത്. കൊരട്ടിയിൽ സർക്കാർ പണം ചിലവഴിച്ച് ഒരുക്കിയിട്ടുള്ള പ്ലഗ് ആൻഡ് പ്ലേ സ്പേസ് മുഴുവൻ കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. കൂടുതൽ കമ്പനികൾക്ക് സൗകര്യമൊരുക്കുന്ന രീതിയിൽ പ്ലഗ് ആൻഡ് പ്ലേ സൗകര്യങ്ങൾ തയ്യാറാകുന്ന കാര്യം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**